PROCEEDINGS OF
THE KERALA LEGISLATIVE ASSEMBLY

Second Session—1969

Monday, the 4th August 1969.

Vol. XXV] OFFICIAL REPORT [No. 1

The Assembly met in the Assembly Chamber, Trivandrum at Eight of the clock on Monday, the 4th August 1969 with Mr. Speaker in the Chair.

I. OATH OR AFFIRMATION BY MEMBERS

മി. സ്പീക്കർ: ആർഡർ, ആർഡർ. ആദ്യമായി, മലപ്പുറം നിയോജകമണ്ഡലത്തിൽനിന്നു തിരഞ്ഞെടുക്കപ്പെട്ട ശ്രീ. സി. അഹമ്മദുകുട്ടിയും, ആറ്റിങ്ങൽ നിയോജകമണ്ഡലത്തിൽനിന്നു് തിരഞ്ഞെടുക്കപ്പെട്ട ശ്രീ. വി. ശ്രീധരനും സത്യപ്രതിജ്ഞ ചെയ്യുന്നതാണു്.

Shri C. Ahamedkutty (Malappuram Constituency) took oath and Shri V. Sreedharan (Attingal Constituency) made affirmation and signed the register of members.

II. OBITUARY REFERENCE

മി. സ്പീക്കർ: ആർഡർ, ആർഡർ. ബഹുമാനപ്പെട്ട സഭാംഗങ്ങളേ, ഇൻഡ്യയുടെ രാഷ്ട്രപതിയായിരുന്ന ഡാക്ടർ സക്കീർ ഹുസൈന്റെയും ഈ സഭയിൽ നമ്മുടെ സഹപ്രവർത്തകനായിരുന്ന ശ്രീ. കെ. കുഞ്ഞാലിയുടെയും, സ്വാതന്ത്ര്യസമരകാലത്തെ ഒരു പ്രമുഖസേനാനിയും, തിരു-കൊച്ചി മുഖ്യമന്ത്രിയുമായിരുന്ന ശ്രീ. സി. കേശവന്റെയും വേദനിപ്പിക്കുന്ന വേർപാടുകളുടെ സ്മരണ തങ്ങിനിൽക്കുന്ന ദുഃഖകരമായ ഒരന്തരീക്ഷത്തിലാണു് നാം ഇന്നിവിടെ സമ്മേളിച്ചിരിക്കുന്നതു്.

പനിനീർപ്പൂവിന്റെ പരിശുദ്ധിയും നൈർമ്മല്യവുമായി രാഷ്ട്രീയത്തിലേക്കു് കടന്നുവന്ന ഡാക്ടർ സക്കീർ ഹുസൈൻ, നിസ്വാർത്ഥവും, നിസ്തുലവുമായ ജനസേവനത്തിന്റെ പരിമളം പരത്തിയശേഷം കഥാവശേഷനായിത്തീർന്നിരിക്കുകയാണു്. വിദ്യാഭ്യാസ മണ്ഡലത്തിൽ, ക്ലേശഭൂയിഷ്ഠമായ സാഹചര്യങ്ങളിൽ ത്യാഗസമ്പന്നമായ സേവനംകൊണ്ടു് മായാത്ത വ്യക്തിമുദ്ര പതിപ്പിച്ചതിനു ശേഷമാണു്, ഇൻഡ്യയുടെ ഭരണസാരഥ്യം വഹിക്കുന്നതിനായി അദ്ദേഹം നിയുക്തനായതു്. അതുല്യമായ വ്യക്തിപ്രഭാവവും വിശാല ഹൃദയത്വവുംകൊണ്ടു് ജനകോടികളുടെ സ്നേഹാദരങ്ങളും ആർജ്ജിക്കുന്നതിനു് അദ്ദേഹത്തിനു് എളുപ്പത്തിൽതന്നെ കഴിഞ്ഞു. രാജ്യസഭയുടെ അദ്ധ്യക്ഷനെന്നുള്ളനിലയിൽ അദ്ദേഹത്തിന്റെ അന്തസ്സുറ്റതും കുലീനവുമായ പെരുമാറ്റവും, സ്വാഭാവികമായി സഭാംഗങ്ങളിൽ അതുളവാക്കിയ പ്രതികരണവും പാർലമെന്ററിന്റെ ചരിത്രത്തിലെ സുവർണ്ണാദ്ധ്യായമായി പിൽക്കാല തലമുറകൾക്കു് പ്രചോദനം നൽകിക്കൊണ്ടു് എന്നെന്നും നിലനിൽക്കുകതന്നെചെയ്യും.

LIBRARY ARCHIVES Kerala Legislative Assembly